**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1575** **11-09-2023 - ൽ മറുപടിയ്ക്ക്**

**കുടിയേറിയ ഇതര സംസ്ഥാനക്കാർക്കുള്ള ജാതി സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കുടിയേറുകയും കേരളത്തിൽ സ്ഥിരതാമസമാക്കുകയും ചെയ്ത പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവ്/സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്ന് സംസ്ഥാനത്ത് കുടിയേറി താമസിക്കുന്നവർക്ക് നിലവിൽ പട്ടികജാതി പട്ടികവർഗ്ഗ സമുദായ സാക്ഷ്യപത്രം അനുവദിക്കുന്നത് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള 12.02.1986 ലെ സ.ഉ(കൈ)നം.10/86/പജ.പവ.വി.വ. ഉത്തരവിന്റെയും കേരള ലാൻഡ് റവന്യൂ മാന്വൽ വാല്യം VI ലെ ഖണ്ഡിക 244 ലെ വ്യവസ്ഥകളുടെയും അടിസ്ഥാനത്തിലാണ്. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.<br><br>(1) ഒരു വ്യക്തി പ്രസിഡൻഷ്യൽ വിജ്ഞാപനത്തിന്റെ സമയത്ത് (1950-ൽ) തന്റെ " Permanent place of residence" ൽ നിന്നും താല്ക്കാലികമായി മറ്റൊരു സ്ഥലത്ത് (for education, job etc.) കുടിയേറിയ ആളാണെങ്കിൽ, അയാൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പദവി, സാക്ഷ്യപത്രം, മറ്റാനുകൂല്യങ്ങൾ എന്നിവ ടിയാന്റെ “State of origin"-ൽ മാത്രമേ ലഭ്യമാകുകയുള്ളൂ. ടിയാൻ അവകാശപ്പെടുന്ന ജാതി, migrated State-ലെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ കൂടി, കുടിയേറിയ സ്ഥലത്ത് പദവി ലഭിക്കുകയില്ലായെന്നു മാത്രമല്ല, അയാളെ migrant ആയി മാത്രമേ കണക്കാക്കുകയുള്ളൂ.<br><br>(2) 1950-ലെ വിജ്ഞാപനത്തിന് മുൻപ് ഒരു സംസ്ഥാനത്ത് നിന്നും മറ്റൊരു സംസ്ഥാനത്തിലേയ്ക്ക് സ്ഥിരമായി കുടിയേറിയവർക്ക് അവർ അവകാശപ്പെടുന്ന ജാതി രണ്ട് സംസ്ഥാനത്തും നിലവിലുള്ള പട്ടികജാതി പട്ടികവർഗ്ഗ പട്ടികകളിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ, കുടിയേറിയ സംസ്ഥാനത്ത് പദവി, സാക്ഷ്യപത്രം, മറ്റാനുകൂല്യങ്ങൾ എന്നിവ ലഭ്യമാകുന്നതാണ്. ടിയാന്റെ State of origin-ൽ യാതൊരാനുകൂല്യവും ലഭിക്കുകയില്ല. |

| | | | |
|---|---|---|---|
| | | | (3) 1950-ന് ശേഷം ഒരു സംസ്ഥാനത്ത് നിന്നും മറ്റൊരു സംസ്ഥാനത്ത് താൽക്കാലികമായി കുടിയേറിയ വ്യക്തി, തന്റെ Origin of State-ൽ നിന്നും പിതാവിനു ലഭിച്ച സാക്ഷ്യപത്രം ഹാജരാക്കി, സാക്ഷ്യപത്രം നേടാവുന്നതാണ്. പക്ഷേ പട്ടികജാതി പട്ടികവർഗ്ഗ പദവി, ആനുകൂല്യം എന്നിവ Origin of state-ൽ മാത്രമേ ലഭിക്കുകയുള്ളൂ. ചുരുക്കത്തിൽ, മറ്റ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് കുടിയേറിയ ഒരാൾക്ക് പദവിയും, സമുദായ സാക്ഷ്യപത്രവും, മറ്റാനുകൂല്യങ്ങളും ലഭിക്കുന്നതിന് താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.<br>• 1950-ൽ (വിജ്ഞാപനം പുറപ്പെടുവിച്ച സമയം) permanent resident ആയിരിക്കണം.<br>• അവകാശപ്പെടുന്ന ജാതി state of origin-ലെ പട്ടികജാതി പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെട്ടിരിക്കണം.<br>• അവകാശപ്പെടുന്ന ജാതി കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതായിരിക്കണം.<br>പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ബി) | 1950-ന് മുൻപ് കേരളത്തിലേക്ക് കുടിയേറി പാർത്തിട്ടുള്ളവരുടെ പിൻതലമുറകളിൽപ്പെടുന്നവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് താമസം ഉണ്ടാകാറുള്ളതും ചിലപ്പോൾ സർട്ടിഫിക്കറ്റ് നിഷേധിക്കപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | എറണാകുളം ജില്ലയിൽ ഒഴികെ മറ്റ് ജില്ലകളിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | 1950-ന് മുൻപ് കുടിയേറിപ്പാർത്ത പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഉൾപ്പെട്ടിരുന്നവരുടെ പിൻതലമുറയ്ക്ക് എല്ലാ മാനദണ്ഡങ്ങളും പാലിച്ച് അനുവദിച്ച ജാതി സർട്ടിഫിക്കറ്റിന്റെ കാലാവധി നിലനിൽക്കേ തന്നെ മറ്റാവശ്യത്തിന് ജാതി സർട്ടിഫിക്കറ്റ് നിഷേധിക്കുന്ന സാഹചര്യം നിലനിൽക്കുന്നത് പരിശോധിക്കുമോ; | (സി) | സർട്ടിഫിക്കറ്റുകൾ പൊതു ആവശ്യത്തിനായാണ് അനുവദിക്കുന്നത്. സർട്ടിഫിക്കറ്റുകൾ പ്രത്യേകമായി ഏത് ആവശ്യത്തിന് എന്ന് എഴുതി നൽകാത്തതിനാലും, സർട്ടിഫിക്കറ്റുകളുടെ കാലാവധി നിലനിൽക്കെ അപേക്ഷകന് അനുവദിക്കപ്പെട്ട സർട്ടിഫിക്കറ്റ് കാലാവധിക്കുള്ളിൽ എത്ര പ്രാവശ്യം വേണമെങ്കിലും ലഭ്യമാക്കുവാനുള്ള സൗകര്യം ഇ-ഡിസ്ട്രിക്ട് ഡാറ്റാ ബേസിൽ അനുവദനീയമായതിനാലും മറ്റ് ആവശ്യത്തിന് ജാതി സർട്ടിഫിക്കറ്റ് നിഷേധിക്കുന്ന സാഹചര്യം ഉണ്ടാകുന്നില്ല. |
| (ഡി) | മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ ഒരു തവണ അനുവദിച്ച ജാതി സർട്ടിഫിക്കറ്റിന്റെ കാലാവധി നിലനിൽക്കെ 12.02.1986-ലെ സർക്കാർ ഉത്തരവ് (കൈ) 10/1986/പ.ജ.പ.വ.വി.വ-ന്റെ അടിസ്ഥാനത്തിനുള്ള നടപടിക്രമങ്ങളിലൂടെ വീണ്ടും | (ഡി) | മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് പട്ടികജാതി പട്ടികവർഗ വികസന വകുപ്പിൽ നിന്നും കേന്ദ്ര മന്ത്രാലയത്തിന് കത്തയച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ജാതി സർട്ടിഫിക്കറ്റ് അനുവദിക്കാൻ ശ്രമിക്കുന്നത് പലപ്പോഴും ജാതി സർട്ടിഫിക്കറ്റ് വൈകുന്നതിനോ നിഷേധിക്കുന്നതിനോ ഇതുമൂലം ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടാനും ഇടയാകുന്നത് പരിഗണിച്ച് മാദനണ്ഡങ്ങളിൽ ആവശ്യമായ തിരുത്തൽ വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ